# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26






## ജി.എം. എൽ.പി സ്കൂൾ, ചാലാട്

അദ്ധ്യായം - 1

### ആമുഖം

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ അധീനതയിൽ ഡിസ്ട്രിക്ട് ബോർഡ് തടുത്തു വയൽ മാപ്പിള സ്കൂൾ 1912 എന്ന പേരിലായിരുന്നു ഈ സ്കൂളിന്റെ ആരംഭം കുറിച്ചത്. പിന്നീട് അത് ചാലാട് ഗവൺമെന്റ് എൽ.പി സ്കൂൾ ആയി. സമൂഹത്തിൽ അന്യം നിന്നു പോകുമായിരുന്ന ഒരു സമുദായത്തെ അറിവിന്റെ ബാലപാഠങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ കഴിഞ്ഞു എന്നത് ഈ വിദ്യാലയത്തിന്റെ മഹത്തായ നേട്ടമാണ്. 2012 ൽ വൈവിധ്യമാർന്ന പരിപാടികളോടെ ഈ വിദ്യാലയത്തിന്റെ 100-ാം വാർഷികം ആഘോഷിച്ചു കഴിഞ്ഞു. 113-ാം വർഷത്തിലേക്ക് കടക്കുന്ന ഈ പ്രാഥമിക വിദ്യാലയം തെക്കിപ്പള്ളി കമ്മിറ്റി വക വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അനേകം തലമുറകൾക്ക് വിജ്ഞാനത്തിന്റെ ബാലപാഠങ്ങൾ നൽകി സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ ഉന്നത പദവികൾ അലങ്കരിക്കാനും, നാടിന്റെ നാനാഭാഗങ്ങളിൽ ഉപജീവനത്തിന്റെ വഴിതേടാനും ഈ വിദ്യാകേന്ദ്രത്തിലൂടെ സാധ്യമായിട്ടുണ്ട്. ചാലാടിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിലെ മഹത്തായ സേവനത്തിന്റെ പ്രതീകമാണ് ഈ വിദ്യാലയം.

2024-25 വർഷത്തിൽ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി സംഗമം വളരെ വിപുലമായ പരിപാടികളോടെ നടന്നു. വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ വലിയ ഒരു കൂട്ടായ്മ ഉണ്ടായി എന്നത് പ്രത്യേകം എടുത്തുപറയേണ്ട ഒരു കാര്യമാണ്. അതിനെ തുടർന്ന് നാട്ടുകാരും വികസന സമിതിയും ചേർന്ന് വിദ്യാലയത്തിന് ഒരു പാർക്ക് ഉണ്ടാക്കിത്തന്നു എന്നത് വലിയ നേട്ടമാണ്.

2022-23 കാലഘട്ടത്തിൽ ഉണ്ടായ പാർക്കിന് ചുറ്റുവേലി ഉണ്ടാക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ

SRG സ്കൂൾ ആരംഭത്തിൽ തന്നെ കുട്ടികളുടെ പഠന നിലവാരം ശാസ്ത്രീയമായി വിശകലനം ചെയ്ത് പഠന പുരോഗതിക്കാവശ്യമായ ചർച്ചകൾ നടത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പാഠാസൂത്രണം, പാഠാസൂത്രണം, പഠനപുരോഗതി വിലയിരുത്തൽ, പൊതുദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട പരിപാടികളുടെ ആസൂത്രണം, ക്ലാസ്സ് പി.ടി.എ, ക്ലാസ്സ് പി.ടി.എ യിൽ നടത്തേണ്ട പ്രവർത്തനങ്ങൾ, രക്ഷിതാക്കൾക്ക് നൽകേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ, കുട്ടികളുടെ പഠന നേട്ടങ്ങൾ, പരിമിതികൾ, അധ്യാപക പരിശീലന ക്ലാസ്സുകളിൽ നിന്നു ലഭിക്കുന്ന അറിവുകളും നിർദ്ദേശങ്ങളും, സ്കൂൾ ഗ്രാൻഡ്, ടീച്ചർ ഗ്രാൻഡ് തുടങ്ങിയവയുടെ വിനിയോഗം തുടങ്ങി എല്ലാ കാര്യങ്ങളും SRG യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ SRG യോഗം നടന്നു വരുന്നു. സ്കൂളിന്റെയും കുട്ടികളുടെയും സുഗമമായ പ്രവർത്തനങ്ങൾക്കും പുരോഗതിക്കും SRG യോഗങ്ങൾ ഫലപ്രദമാണ്.

സ്കൂളിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്നവരാണ് പി.ടി.എ/എസ്.എം.എസി/എം.പി.ടി.എ/എസ്.എസ്.ജി/ സ്കൂൾ വികസന സമിതി/ പൂർവ്വ വിദ്യാർത്ഥി സംഘടന തുടങ്ങിയ. ഇപ്പോൾ ലഭ്യമായിരിക്കുന്ന ഭൗതിക സൗകര്യങ്ങൾ ഇവരുടെ പ്രവർത്തന ഫലമായി ഉണ്ടായിട്ടുള്ളതാണ്. ഉച്ചഭക്ഷണം പാകം ചെയ്യുന്ന അടുക്കളയിലെ സൗകര്യങ്ങളും ക്ലാസ്സ് ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങിയവ ഇവരുടെ പ്രവർത്തന മികവിന്റെ ഉദാഹരണങ്ങളാണ്.

സമൂഹത്തിൽ നിന്നും കുട്ടികൾക്ക് നേരിടുന്ന ഭീഷണികളും വെല്ലുവിളികളും അതിക്രമങ്ങളും മറ്റും നേരിടാൻ കുട്ടികളെയും രക്ഷിതാക്കളെയും ബോധവാന്മാരാക്കുന്നതിനായി അധ്യാപകരുടെ മേൽനോട്ടത്തിൽ ജാഗ്രതാ സമിതി - ഹെൽപ് ഡെസ്ക് പ്രവർത്തിച്ചു വരുന്നു..

ഇവയുടെ മേൽനോട്ടത്തിൽ ജാഗ്ര സമിതി, പുകവലി, മദ്യപാനം, മയക്കുമരുന്ന് ഇവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും വ്യക്തിത്വവികസനം,കൗൺസലിങ്, ചൈൽഡ് സൈക്കോളജി തുടങ്ങിയ ക്ലാസ്സുകളും നടത്താറുണ്ട്.

G M L P SCHOOL CHA...

ശാസ്ത്ര ക്ലബ്ബ്, ശുചിത്വ ക്ലബ്ബ്, ഹരിത ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, തുടങ്ങിയ ക്ലബ്ബുകൾ അധ്യാപകരുടെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. ദേശീയ ദിനങ്ങൾ, മറ്റു ദിനങ്ങൾ, പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ജൈവവേലി, ശുചീകരണ പ്രവർത്തനങ്ങൾ, കലാ-കായിക ശാസ്ത്രമേളകളുടെ തയ്യാറെടുപ്പുകൾ തുടങ്ങിയവ ഈ ക്ലബ്ബുകളുടെ മേൽ നോട്ടത്തിൽ നടന്നു വരുന്നു. കൂടാതെ ബഹു.അഴീക്കോട് ഷാജി.എം.എൽ.എ. വക ലഭിച്ച രണ്ട് സ്മാർട്ട് ക്ലാസ്സ് റൂമിന്റെ പ്രവർത്തനം നടന്നുവരുന്നു.

## വിദ്യാലയ മികവുകൾ

ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിലെ ഭിന്നശേഷിക്കാരൊഴികെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷും മലയാളവും എഴുതുവാനും വായിക്കുവാനും അറിയാം. ഇവരിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടികളും ഉണ്ട്. ശാസ്ത്ര ഗണിത ശാസ്ത്ര പ്രവർത്തി പരിചയ മേളകളിലും കലാകായിക മേളകളിലും മോശമല്ലാത്ത നിലവാരത്തിലുള്ള പ്രകടനങ്ങൾ കാഴ്ചവെക്കാൻ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം സജീവമാകാറുണ്ട്. പല കുട്ടികളും കൃഷിയിൽ താല്പര്യമുള്ളവരും സ്കൂൾ വഴി ലഭിക്കുന്ന പച്ചക്കറിവിത്തുകൾ ഉപയോഗിച്ച് സ്വന്തമായി കൃഷിത്തോട്ടം ഉണ്ടാക്കുവാൻ താൽപര്യമുള്ളവരുമാണ്. ലൈബ്രറി പുസ്തക വിതരണത്തിലൂടെ കുറച്ചു കുട്ടികളെയെങ്കിലും മികച്ച വായനക്കാരാക്കുവാനും അമ്മ വായനയിലൂടെ അമ്മമാരെ കുറച്ചുപേരെയെങ്കിലും മികച്ചവായനക്കാരാക്കുവാനും കഴിഞ്ഞിട്ടുണ്ട്. കുറച്ചുകുട്ടികളെയെങ്കിലും ചിത്ര രചനയിലും കളറിങ്ങിലും മികച്ച നിലവാരത്തിലെത്തി നിൽക്കുന്നുണ്ട്.

പ്രയാസം, ക്രമാനുഗതമായി ആശയങ്ങൾ ചേർത്ത് സ്വയം പ്രകടിപ്പിക്കുമ്പോഴുള്ള ആത്മവിശ്വാസക്കുറവ് തുടങ്ങിയവ ചില കുട്ടികളിൽ അനുഭവപ്പെടുന്നു. ഇംഗ്ലീഷ്, അറബി, ഹിന്ദി തുടങ്ങിയ ഭാഷകളിലും മേൽ സൂചിപ്പിച്ച പ്രയാസങ്ങൾ ചില കുട്ടികളിൽ നിലനിന്നുവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കേവലമായ എഴുത്തും വായനയും ഉണ്ട്. ചില കുട്ടികൾക്ക് ഓർമ്മയിൽ നിന്നും പറയുവാനും എഴുതുവാനും കഴിയാത്ത അവസ്ഥയുണ്ട്.

സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന മുസ്ലീം സമുദായത്തിലെ കുട്ടികളാണ് ഭൂരിഭാഗവും പഠിക്കുന്നത്. കുട്ടികളെ പഠനത്തിൽ വേണ്ടവിധത്തിൽ ശ്രദ്ധിക്കാനോ സഹായിക്കാനോ കഴിയാത്ത രക്ഷിതാക്കളുണ്ട്. അങ്ങനെയുള്ള കുട്ടികളും പഠനത്തിൽ പിന്നാക്കം നിൽക്കുന്നുണ്ട്. എഴുത്തും വായനയും അറിയാമെങ്കിലും നാടൻ ശൈലിയിലുള്ള ഉച്ചാരണം അക്ഷരത്തെറ്റുകൾക്ക് കാരണമാകുന്നു. എഴുത്തിൽ ഇരട്ടിച്ചുവരുന്ന അക്ഷരങ്ങൾ ന്ന, ത്ത, ക്ക, ങ്ങ, ച്ച തുടങ്ങിയ അക്ഷരങ്ങൾ വേണ്ട വിധത്തിൽ ഉറപ്പിക്കാത്ത അവസ്ഥയുണ്ട്.

## ഗണിതം

സംഖ്യാബോധം, ചതുഷ്ക്രിയകൾ പുനരേകീകരണം വരുന്ന സങ്കലനവും വ്യവകലനവും, ഗുണനത്തിലും, ഹരണത്തിലും സ്വയം ചോദ്യങ്ങൾ വായിച്ച് വിശകലനം ചെയ്ത് ഉത്തരത്തിലെത്തിച്ചേരാനുള്ള പ്രയാസം എന്നിവ അനുഭവപ്പെടുന്നുണ്ട്.

## അടിസ്ഥാനശാസ്ത്രം

സ്വയം പരീക്ഷണങ്ങൾ ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള ശേഷിക്കുറവ്, ശാസ്ത്ര നിർവചനങ്ങൾ ഉൾക്കൊള്ളുവാനുള്ള പ്രയാസം, പൊതുവേ ചില കുട്ടികൾ സ്വന്തമായി വായിക്കാൻ കഴിയുന്നുണ്ടെങ്കിലും എഴുതി പ്രകടിപ്പിക്കുന്നതിനുള്ള ശേഷിയിൽ പിന്നാക്കം നിൽക്കുന്ന ഒരു അവസ്ഥാ വിശേഷം നിലവിലുണ്ട്. നിരീക്ഷണപാടവം ചില കുട്ടികളിൽ കുറവാണ്. മേൽ സൂചിപ്പിച്ച പ്രയാസങ്ങൾ പരിഹരിക്കത്തക്ക രീതിയിൽ ചർച്ചയിലൂടെ രൂപം കൊണ്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ടാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### പൊതുലക്ഷ്യം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി എന്നീ ഭാഷാവിഷയങ്ങളിൽ നന്നായി എഴുതുവാനും വായിക്കുവാനും വളർത്തുക. ചതുഷ്ക്രിയകൾ ഉറപ്പിക്കുക. അഞ്ചാം തരത്തിൽ നിന്നും പോകുന്ന മുഴുവൻ കുട്ടികളും ഭാഷാശേഷികളും ഷികളും നേടി എന്ന് ഉറപ്പാക്കുക. ഗുണാത്മക വിദ്യാഭ്യാസത്തിന്റെ മുതൽക്കൂട്ടായി കുട്ടികൾ മാറി എന്ന് ഉറപ്പാക്കുക.

**മേഖല- ഭാഷാപഠനം**

- ഉച്ചാരണ വൈകല്യം കൊണ്ടുണ്ടാകുന്ന അക്ഷരത്തെറ്റുകൾ, വായനയിലൂടെ ആശയങ്ങൾ ഉൾക്കൊള്ളുവാനും വാനും ഉള്ള വിഷമതകൾ. കവിതയിൽ താളാത്മകമായി വരികൾ കൂട്ടിച്ചേർക്കുവാനുള്ള പ്രയാസം. ഭാഷാത്മക ളുടെ ക്രമാനുഗതമായ വികസനത്തിനുള്ള പ്രയാസം. സ്വയം പ്രകടനത്തിനുള്ള ആത്മവിശ്വാസക്കുറവ് ദിനാ ഓർമയിൽ നിന്ന് പറയുവാനും എഴുതുവാനും ഉള്ള പ്രയാസം.

**ഉപമേഖല**

മലയാളം, ഇംഗ്ലീഷ്, അറബി, ഹിന്ദി ഭാഷകൾ

**ലക്ഷ്യം**

ഉച്ചാരണ ശുദ്ധിയോടെ വായിക്കാനും അക്ഷരത്തെറ്റു കൂടാതെ എഴുതുവാനും ഉള്ള ശേഷി നേടുക. കുട്ടികളെ മ ക്കാനും എഴുത്തുകാരും ആക്കുക. സ്വയം പ്രകടനത്തിനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുക. സർഗാത്മകശേഷി വ ക്കുക.

G M L P SCHOOL C
PO CHALAB

### പ്രവർത്തനങ്ങൾ ക്ലാസ് I,II

**നടക്കാം പഠിക്കാം**

ചുറ്റുമുള്ള കാര്യങ്ങൾ നിരീക്ഷിക്കുകയും പറയുകയും എഴുതുകയും ചെയ്യുക. തുടർന്ന് ലഘുവാക്യങ്ങളിൽ വർണന, വിവരണം. തയാറാക്കുക.

**ഓർത്തുപറയാം**

കഥകൾ വായിച്ച് ഓർമയിൽ നിന്ന് പറയുകയും എഴുതുകയും ചെയ്യുക. കഥാഭാഗങ്ങൾ ക്രമപ്പെടുത്തുക. വായിച്ച കഥാഭാഗങ്ങൾ അഭിനയിക്കുക. ചിത്രഭാഗങ്ങൾ ക്രമീകരിച്ച് കഥ എഴുതൽ.

**ചിത്രോത്സവം**

... ചിത്രം വരച്ച് നിറം കൊടുക്കുക. സ്റ്റാമ്പ് ഇറ്റ് ഉപയോഗിച്ച് പച്ചക്കറികൾ, പഴങ്ങൾ, ജീവികൾ (പക്ഷി ... വായിക്കുകയും പറയുകയും ചെയ്യുക. ഈ

അമ്മവായന

ഉമ്മാർക്ക് കഥകൾ- കവിതകൾ നൽകുകയും കുട്ടികളെ വായിച്ച് കേൾപ്പിക്കുക- കഥാപാത്രങ്ങളായി അഭിനയിപ്പിക്കുക. സി. പിടിഎ യിൽ അവതരിപ്പിക്കുക. വായിച്ച പുസ്തകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക, കഥാപാത്രങ്ങളുടെ പേര് പറയൽ, കുട്ടികളുടെ ലഘുകവിതകളും കഥകളും അവതരിപ്പിക്കുക. സർഗോത്സവത്തിൽ കഥകൾ, കവിതകൾ, ചിത്രങ്ങൾ, ലഘുപ്രഭാഷണങ്ങൾ ഇവ നടത്തുക- നല്ല വായന-നല്ല എഴുത്ത്-ചിത്ര രചന- അഭിനയം ഇവ കണ്ടെത്തി വിശേഷ ദിവസങ്ങളിൽ സമ്മാനം നൽകുക.

ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ

കഥകൾ- കവിതകൾ- കാർട്ടൂണുകൾ ഇവ കാണുവാനും കേൾക്കുവാനും ഉള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക- കഥാഭാഗങ്ങൾ പറയൽ- വാക്യനിർമ്മാണം- അക്ഷരം ചേർത്ത് വാക്കുകൾ- വാക്യങ്ങൾ- ഇവയുണ്ടാക്കൽ-

പഠനനേട്ടം

പൂർണ്ണ ശുദ്ധിയോടെ വായിക്കുകയും അക്ഷരത്തെറ്റില്ലാതെ എഴുതുകയും ചെയ്യുന്നു. വായനയിലും എഴുത്തിലും താൽപര്യമുണ്ടാകുന്നു. ആത്മവിശ്വാസത്തോടെ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. സർഗാത്മക കഴിവുകൾ വികസിക്കുന്നു. കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളെയും പങ്കാളികളാക്കുവാൻ കഴിയുന്നു. CPTA കൾ സജീവമാക്കുവാൻ കഴിയുന്നു.

പ്രവർത്തനങ്ങൾ - ക്ലാസ്സ് I,II,III, IV, V സചിത്രപാഠം രൂപീകരിക്കുക, സംയുക്ത ഡയറി എഴുതുക.

ക്ലാസ്സ് തല വായനാക്കൂട്ടം രൂപീകരിക്കൽ ക്ലാസ് ലൈബ്രറിയുടെ ശാക്തീകരണം ക്ലാസ്തല ലൈബ്രറി പുസ്തകം സജ്ജീകരിക്കൽ, പുസ്തക വായന, ചർച്ച വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് കഥാപാത്ര നിരൂപണം തയ്യാറാക്കൽ. കവിതകൾ, കഥകൾ വായിക്കൽ, ആശയങ്ങൾ നൽകി കഥകളും കവിതകളും എഴുതൽ കാഴ്ചകൾ ചിത്രങ്ങൾ അനുഭവങ്ങൾ യാത്രകൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി വർണ്ണനകളും വിവരണങ്ങളും തയ്യാറാക്കൽ. ദിനാചരണങ്ങളോടനുബന്ധിച്ച് ജീവചരിത്രക്കുറിപ്പ്, ആത്മകഥ, വായിക്കുവാനും സൂചനകൾ നൽകി എഴുതിക്കൽ - കഥാഭാഗം- കവിതാഭാഗം - അഭിനയിച്ച് കാണിക്കുക- ചിത്രീകരിക്കുക നിറം നൽകൽ ബാക്കി ഭാഗങ്ങൾ എഴുതിക്കൽ ഡയറിക്കുറിപ്പുകൾ എഴുതുക.

അമ്മ വായന

ബാലസാഹിത്യങ്ങൾ അമ്മമാർക്ക് നൽകുകയും കുട്ടികളെ അതിലൂടെ വായനയിൽ താൽപര്യമുള്ളവരാക്കുകയും ചെയ്യുക. ഇരാത്ത യിൽ വായിച്ച പുസ്തകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. കഥാഭാഗങ്ങൾ അഭിനയിക്കുക- കവിതകൾ അവതരിപ്പിക്കുക. കുട്ടികൾ സ്വയം തയ്യാറാക്കിയതിൽ മെച്ചപ്പെട്ടവയുടെ അവതരണം മാസത്തിൽ ഒരിക്കൽ സർഗോത്സവം നടത്തുന്ന ദിവസം ഇരാത്ത കൂടുകയും കുട്ടികളുടെ മികച്ച സൃഷ്ടികളുടെ അവതരണവും, ഒപ്പം അമ്മമാരുടെ മികച്ച സൃഷ്ടികൾ അവതരിപ്പിക്കുവാൻ അവസരം നൽകുക- മികച്ച സൃഷ്ടികൾ ചേർത്ത് പതിപ്പുകൾ തയ്യാറാക്കുക.

നാടൻപാട്ട്, കഥ, കവിത, ശിൽപ്പശാല, നാടകോത്സവം, കഥ, കവിത, നാടകം ഇവയുടെ ശിൽപ്പശാലകൾ സംഘടിപ്പിക്കുക- സാഹിത്യകാരന്മാരുടെ അഭിമുഖ സംഭാഷണങ്ങൾക്ക് അവസരം ഒരുക്കുക. ദിനാചരണത്തോടനുബന്ധിച്ച് മികച്ച സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും പരിചയപ്പെടുത്തുക - വീട്ടിൽ ഒരു ലൈബ്രറി ഒരുക്കുവാനുള്ള പ്രേരണ നൽകുക.

കഴിവു നേടുന്നു. വിവിധ എഴുത്തുകാരുടെ ഭാഷാശൈലികൾ [illegible] വാനുമുള്ള കഴിവ് നേടുന്നു. കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളെയും പങ്കാളികളാക്കുന്നു. സർഗാത്മക ശേഷികൾ വളർത്തുന്നു കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കി മാറ്റുന്നു.

<u>മേഖല</u>

<u>ശാസ്ത്രപഠനം</u>

<u>ഗണിതശാസ്ത്രം</u>

സംഖ്യാബോധം - **ആരോഹണം അവരോഹണം**

സംഖ്യകളുടെ ക്രമീകരണം. വലുത് ചെറുത് സ്ഥാനവില സംഖ്യാ കൂട്ടങ്ങൾ, സംഖ്യാ വ്യാഖ്യാനം പാറ്റേൺ നിർമാണം. ഇവയിലുള്ള പ്രയാസങ്ങൾ. ചതുഷ്ക്രിയകളിൽ പുനരേകീകരണം വരുന്ന മേഖലയിൽ വരുന്ന പ്രയാസങ്ങളും പ്രായോഗിക പ്രശ്നങ്ങൾ സ്വയം വിശകലനം ചെയ്ത് ഉത്തരത്തിലെത്തുവാനുള്ള പ്രയാസം.

<u>ഉപമേഖല</u>

<u>ഗണിതം</u>

<u>ലക്ഷ്യം</u>

സംഖ്യാബോധം ഉറപ്പിക്കൽ - ചതുഷ്ക്രിയകളിൽ പുനരേകീകരണം വരുന്ന പ്രശ്നങ്ങൾ ഉറപ്പിക്കൽ, പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സ്വയം ഉത്തരത്തിലെത്താനുള്ള ശേഷി വളർത്തുക.

**പ്രവർത്തനങ്ങൾ ക്ലാസ് I-II**

1 മുതൽ 100 വരെയും 100 മുതൽ 1000 വരെയും ഉള്ള സംഖ്യാബോധം ഉറപ്പിക്കുക- സംഖ്യാ കാർഡുകൾ, ഗണിതപ്പാട്ടുകൾ, ഗണിത കേളികൾ എണ്ണിയും, പാമ്പും, ഡൈസ്, മഞ്ചാടി, ഈർക്കിൽ കെട്ടുകൾ, മുത്തുകൾ ഇവ ഉപയോഗിച്ചുള്ള കളികൾ. സംഖ്യാ ചിത്രീകരണം. ചിത്രച്ചാർട്ടുകൾ- അബാക്കസ്- സ്ഥാനവിലപ്പോക്കറ്റ്- പാറ്റേൺ നിർമാണം- സംഖ്യാപടികൾ തുടങ്ങിയ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ സംഖ്യാബോധം ഉറപ്പിക്കാം. ഗണിതക്കിറ്റുകൾ ഉപയോഗിച്ച് സങ്കലനച്ചാർട്ടും ഗുണനച്ചാർട്ടും സ്വയം രൂപീകരിക്കുന്നു. സംഖ്യാ കാർഡ്, ചിത്രീകരണം ഇവയിലൂടെ സങ്കലനം വ്യവകലനം ഇവ ഉറപ്പിക്കുന്നു. ഡൈസ് കളി, ഡൊമിനോ കളി, എണ്ണിയും പാമ്പും ചിത്രങ്ങൾ. പ്രായോഗിക പ്രശ്നങ്ങൾ ഇവയിലൂടെ സങ്കലനം വ്യവകലനം ഉറപ്പിക്കൽ. നാണയങ്ങൾ, കളിനോട്ടുകൾ ഇവ ഉപയോഗിച്ചുള്ള സങ്കലനം, വ്യവകലനം, സംഖ്യകളുടെ വ്യാഖ്യാനം.

<u>**പ്രവർത്തനങ്ങൾ III- IV- V**</u>

ഗണിതക്കിറ്റ്, അബാക്കസ്, സ്ഥാനവിലപ്പോക്കറ്റ്, ഗണിതകേളി, കളിനോട്ടുകൾ, സംഖ്യാകാർഡുകൾ, സംഖ്യാ ചാർട്ടുകൾ, എണ്ണിയും പാമ്പും, സംഖ്യാ റിബൺ, സംഖ്യാപടികൾ, ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നു

**ചതുഷ്ക്രിയകൾ ഉറപ്പിക്കൽ -**

ഗണിതക്കിറ്റുകൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. പുനക്രമീകരണം വരുന്ന സങ്കലനവും വ്യവകലനവും പ്രായോഗിക പ്രശ്നങ്ങളും ഗണിതച്ചാർട്ട്, ഗണിത കേളികൾ, ഗണിതകിറ്റ് ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ പുനക്രമീകരണം വരുന്ന സങ്കലനവും വ്യവകലനവും ഉറപ്പിക്കുന്നു. സങ്കലനവും വ്യവകലനവും തമ്മിലുള്ള ബന്ധം ഗുണനം ഹരണം തമ്മിലുള്ള ബന്ധം ആവർത്തന സങ്കലനമാണ് ഗുണനം. ആവർത്തന വ്യവകലനമാണ് ഹരണം എന്നീ വസ്തുകൾ കണ്ടെത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നു. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ധാരാളം പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തി ചെയ്യുന്നു. കുട്ടികളുടെ സഹായത്തോടെ വർക്ക് ഷീറ്റുകൾ കണ്ടെത്തുന്നു. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ അടങ്ങുന്ന വർക്ക്ഷീറ്റുകൾ കുട്ടികൾ സ്വയം നിർമിക്കുന്നു. ഹോണസ്റ്റി ഷോപ്പ് ബേങ്ക് മാന്ത്രികച്ചതുര നിർമ്മാണം സംഖ്യാ പിരമിഡുകൾ, ഇവയൊക്കെ ഉൾപ്പെടുത്തി ഗണിതോത്സവം സംഘടിപ്പിക്കുക. ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ. ഗണിത പുസ്തകങ്ങൾ വായിക്കൽ. പഠനോപകരണ നിർമ്മാണ ശില്പശാല രക്ഷിതാക്കൾക്കും കുട്ടികൾക്കും സംഘടിപ്പിക്കൽ.

**ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ**

സംഖ്യാകേളികൾ - സംഖ്യാബോധം ഉറപ്പിക്കാനും ചതുഷ്ക്രിയകൾ ഉറപ്പിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ കാണുവാനും സ്വയം ചെയ്തു നോക്കുവാനും ഉള്ള അവസരം കൊടുക്കൽ.

**പഠനനേട്ടങ്ങൾ**

ഗണിത താൽപര്യം ഉണ്ടാക്കുന്നു. സംഖ്യാ ബോധം ഉറപ്പിക്കുന്നു. ചതുഷ് ക്രിയകൾ കുറയ്ക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ സ്വയം വിശകലനം ചെയ്യുവാനുള്ള കഴിവ് നേടുന്നു.

**പഠന നേട്ടങ്ങൾ**

സംഖ്യാബോധം ഉറയ്ക്കുന്നു. സ്വയം സംഖ്യാരൂപീകരണം പാറ്റേൺ നിർമ്മാണം, വ്യാഖ്യാനം ചെയ്യുന്നു. ചതുഷ് ക്രിയകൾ കുറയ്ക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ സ്വയം വിശകലനം ചെയ്ത് ഉത്തരം കണ്ടെത്തുന്നു. ഗണിതത്തിന്റെ പഠനോപകരണങ്ങൾ സ്വയം നിർമ്മിക്കുന്നു. (അബാക്കസ് ക്ലോക്ക് സ്കെയിൽ രൂപങ്ങൾ ഗണിതകിറ്റുകൾ കളിനോട്ടുകൾ, ത്രാസ്)

**മേഖല**

**ശാസ്ത്ര പഠനം, പരിസര പഠനം അടിസ്ഥാന ശാസ്ത്രം**

നിരീക്ഷണ പാടവം കുട്ടികളിൽ കുറവാണ്. ചുറ്റുപാടുമുള്ള ജീവികൾ , വസ്തുകൾ തൊഴിൽ മേഖലകൾ നിർമ്മാണ പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകൾ ഇവയെക്കുറിച്ചുള്ള അറിവ് പല കുട്ടികളിൽ വളരെ കുറവാണ്. ആരോഗ്യ ശുചിത്വ ശീലങ്ങൾ പോഷകാഹാരങ്ങൾ രോഗങ്ങൾ , ജീവികളുടെ ആഹാര രീതികൾ ശാരീരിക പ്രത്യേകതകൾ ആകൃതി തുടങ്ങിയവയെക്കുറിച്ച് സൂക്ഷ്മനിരീക്ഷണപാടവം കുറവാണ്. വിവിധ കൃഷി രീതികളെക്കുറിച്ചുള്ള അറിവ്

**ഉപമേഖല**

**പരിസര പഠനം**

1 മുതൽ 4 വരെ, V അടിസ്ഥാന ശാസ്ത്രം .

**ലക്ഷ്യം**

ചുറ്റുപാടുമുള്ള ജീവികളെയും സസ്യങ്ങളെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും അവയുടെ എല്ലാ പ്രത്യേകതകളും മനസ്സിലാക്കുകയും ചെയ്യുക. നിരീക്ഷണ പരീക്ഷണങ്ങളിൽ താൽപര്യവും സ്വയം ചെയ്യാനുള്ള ശേഷിയും നേടുക. വിവിധ കൃഷി രീതികൾ പരിചയപ്പെടുത്തുകയും കൃഷിയിൽ താൽപ്പര്യമുണ്ടാക്കുകയും ചെയ്യുക. ആരോഗ്യശീലങ്ങളും

...സംരക്ഷണത്തെക്കുറിച്ച് അറിയുക. കാലാനുസൃതമായ ശാസ്ത്രത്തിന്റെ വളർച്ചയും ശാസ്ത്രജ്ഞൻമാരെക്കുറിച്ചും അറിയുക. പ്രകൃതി ക്ഷോഭങ്ങൾ, പ്രതിരോധ മാർഗങ്ങൾ സ്വയം പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കുക ലഹരി വിരുദ്ധ പ്രചാരങ്ങളിൽ ഏർപ്പെടുന്നതിനുള്ള താൽപര്യം ഉണ്ടാക്കുക. ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ശാസ്ത്രലോകം പരിചയപ്പെടുക

**<u>പ്രവർത്തനങ്ങൾ ക്ലാസ് I to IV</u>**

പരിസര പഠനം 1 മുതൽ 4 വരെ, അടിസ്ഥാന ശാസ്ത്രം V

**<u>ഫീൽഡ് ട്രിപ്പ്</u>**

ചുറ്റുപാടുമുള്ള സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ അവയുടെ ആകൃതി വലുപ്പം തുടങ്ങിയവയിലെ പ്രത്യേകതകൾ കണ്ടെത്തുക രേഖപ്പെടുത്തുക. തരം തിരിക്കുക അതിനോടനുബന്ധിച്ച് പ്രോജക്ടുകൾ ശേഖരണം, ആൽബ നിർമ്മാണം, കൃഷിത്തോട്ടം, ഔഷധത്തോട്ട നിർമ്മാണം, ജൈവ വേലി, പച്ചക്കറിത്തോട്ട നിർമ്മാണം ചെയ്യുക.

**<u>ജീവികൾ (പക്ഷികൾ, മൃഗങ്ങൾ)</u>**

വിവിധതരം ജീവികളെ ചുറ്റുപാടിൽ നിന്ന് കാണാൻ പറ്റുന്നവ കാണാനുള്ള അവസരം ഒരുക്കിക്കൊടുത്ത് അവയുടെ പ്രത്യേകതകൾ കണ്ടെത്തുക. (ഇരപിടിക്കൽ- പല്ലുകൾ- നഖങ്ങൾ- നിറം) ചുണ്ട്, കാല്) ICT സാധ്യതകൾ ഉപയോഗിച്ച് കരയിലും വെള്ളത്തിലും വനങ്ങളിലും, മഞ്ഞുമൂടിക്കിടക്കുന്ന സ്ഥലങ്ങളിലും കാണുന്ന ജീവികളെ കാണുവാനുള്ള അവസരം ഒരുക്കി ഇവയുടെ ശാരീരിക പ്രത്യേകതകൾ, ജീവിത രീതികൾ ഇവ മനസ്സിലാക്കുകയും തരം തിരിക്കുകയും ചെയ്യുന്നു. ഇവയുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. ജീവികളുടെ വാസസ്ഥലങ്ങൾ തിരിച്ചറിയുക- ഇവ ശേഖരിക്കുക- തരം തിരിക്കുക- പ്രോജക്ടുകൾ നടത്തുക- സെമിനാറുകൾ സംഘടിപ്പിക്കുക- ചർച്ച ചെയ്യുക- അവതരിപ്പിക്കുക.

**<u>തൊഴിൽ- തൊഴിലുപകരണങ്ങൾ</u>**

അടുത്തുള്ള തൊഴിൽ ശാലകൾ സന്ദർശിക്കുക. ICT സാധ്യതകൾ ഉപയോഗപ്പെടുത്തി വിവിധ തൊഴിൽശാലകൾ വ്യവസായ ശാലകളും കാണുവാനുള്ള അവസരം ഒരുക്കി കൊടുക്കുക. തൊഴിലുപകരണങ്ങൾ പരിചയപ്പെടുക. പഴയകാല ഉപകരണങ്ങൾ പരിചയപ്പെടുത്തുക. പുതിയതും പഴയതും താരതമ്യം ചെയ്യുക. മേന്മകൾ കണ്ടെത്തുക. മലിനീകരണം ഉണ്ടാക്കുന്നവയും ഉണ്ടാക്കാത്തവയും തിരിച്ചറിയുക (പോസ്റ്റ് ഓഫീസ്, ബാങ്ക്, പഞ്ചായത്ത് ഓഫീസ്, കൃഷി ഓഫീസ്, കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ, ബീഡി, തുന്നൽ മുതലായവ.)

വ്യവസായ ശാലകൾ- മിൽമ, പ്ലൈവുഡ് മുതലായവ

**<u>വിവിധ കൃഷിരീതികൾ പരിചയപ്പെടൽ</u>**

കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ, വയലുകൾ ഇവ സന്ദർശിക്കുക. കൃഷി ഉപകരണങ്ങൾ പരിചയപ്പെടുക- നേട്ടങ്ങൾ ചർച്ച ചെയ്യുക. പുതിയവയും, പഴയതും താരതമ്യം ചെയ്യുക (ICT) പച്ചക്കറിത്തോട്ടം, ഔഷധ സസ്യങ്ങളുടെ തോട്ടം, ജൈവവേലി ഇവ സ്കൂളിലും വീടുകളിലും നിർമ്മിക്കുക ഇവ കൊണ്ടുള്ള പ്രയോജനങ്ങൾ കണ്ടെത്തുക ചർച്ച ചെയ്യുക- കൃഷിക്കാരുമായി അഭിമുഖം സംഘടിപ്പിക്കുക. വിത്തുകൾ ശേഖരിക്കുക തരംതിരിക്കുക. ആൽബം നിർമ്മിക്കുക. കൃഷിപ്പതിപ്പുകൾ തയാറാക്കുക. കൃഷി ഓഫീസറുടെ ബോധവൽക്കരണ ക്ലാസ്സുകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും സംഘടിപ്പിക്കുക, സെമിനാറുകൾ നടത്തുക.

**<u>പരീക്ഷണങ്ങൾ</u>**

ജൈവാംശം കൂടുതലുള്ള മണ്ണ് , കുറഞ്ഞ മണ്ണ് - ജലസംഭരണ ശേഷി കൂടുതലുള്ള മണ്ണ്, കുറഞ്ഞ മണ്ണ് കണ്ടെത്തുക കൃഷിയെ നശിപ്പിക്കുന്ന കീടബാധകൾ അതിനുപയോഗിക്കുന്ന ജൈവ കീടനാശിനികൾ ഉണ്ടാക്കുന്ന രീതി പരിചയപ്പെടുത്തുക അതിന്റെ നേട്ടങ്ങൾ കണ്ടെത്തുക. സ്വയം കൃഷി ചെയ്തു ഉപയോഗിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ ചർച്ച ചെയ്ത് കുറിപ്പുകൾ

തയാറാക്കുക. നന്നായി കൃഷി ചെയ്യുന്ന കുട്ടികളെയും രക്ഷിതാക്കളെയും ആദരിക്കുകയും പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്യുക. വിവിധ തരം മണ്ണുകളുടെ ശേഖരണം.

<u>വിവിധ ജലസ്രോതസ്സുകൾ പരിചയപ്പെടുക</u>

ICT സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തുക. ജലസ്രോതസ്സുകളുടെ സംരക്ഷണത്തെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക. (ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക. (ജലസ്രോതസ്സുകളുടെ ഉറവിടങ്ങൾ, ഇവ മലിനമാകുവാനുള്ള സാഹചര്യം- ഉപയോഗം- ഇവയുടെ നശീകരണ പ്രവർത്തനങ്ങൾ) സംരക്ഷണ മാർഗങ്ങൾ)

<u>മാലിന്യ സംസ്കരണ രീതികൾ അറിയുക</u>

മാലിന്യങ്ങൾ എന്താണെന്ന് അറിയുകയും അവ തരം തിരിക്കുകയും ജൈവ മാലിന്യങ്ങൾ തിരിച്ചറിഞ്ഞ് അവ സംസ്കരിക്കേണ്ട വിധം അവയുടെ ഉപയോഗവും ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക. അജൈവ മാലിന്യങ്ങൾ എന്തെല്ലാം തരത്തിൽ നിർമ്മാർജ്ജനം ചെയ്യാം എന്ന് ചർച്ച ചെയ്ത് കുറിപ്പുകൾ തയാറാക്കുക. പ്ലാസ്റ്റിക് മാലിന്യവും അതിന്റെ പുനരുപയോഗവും ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക. മാലിന്യസംസ്കരണ രീതികളെക്കുറിച്ച് സെമിനാറുകൾ നടത്തുക. വീട്ടിലും സ്കൂളിലും പരമാവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക. രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. സെമിനാറുകളിൽ രക്ഷിതാക്കളെ പങ്കാളികളാക്കുക.

<u>ആരോഗ്യശീലവും ശുചിത്വബോധവും</u>

നല്ല ശുചിത്വശീലങ്ങളെക്കുറിച്ചുള്ള ചർച്ച- (വ്യക്തിശുചിത്വം, പരിസര ശുചിത്വം, സാമൂഹ്യശുചിത്വം) കുറിപ്പ് തയാറാക്കുന്നു. നല്ല ആരോഗ്യശീലങ്ങൾ. ചർച്ചയിലൂടെ ചാർട്ടുകൾ തയാറാക്കുക. ICT സാധ്യതകൾ ഉപയോഗിച്ച് ശുചിത്വമില്ലായ്മ കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങളുടെ ചിത്രീകരണം നടത്തുക. ദോഷഫലങ്ങളെ കുറിച്ചുള്ള കാർട്ടൂണുകൾ, ചാർട്ടുകൾ, പോസ്റ്ററുകൾ തയാറാക്കുക. ആരോഗ്യ ശുചിത്വത്തെക്കുറിച്ചും ശുചിത്വ ശീലങ്ങളെക്കുറിച്ചും ഉള്ള ബോധവൽക്കരണ ക്ലാസ് രക്ഷിതാക്കൾക്കും കുട്ടികൾക്കും കൊടുക്കുക. ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും ദൂഷ്യവശങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ, പോസ്റ്ററുകൾ, റാലി, മുദ്രാഗീതങ്ങൾ, ICT ഉപയോഗിച്ചുള്ള അവതരണങ്ങൾ നടത്തുക.

പോഷകാഹാരങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് പോഷക ഘടകങ്ങളെ തിരിച്ചറിയുകയും വിവിധ ആഹാരങ്ങളിലെ പോഷകഘടകങ്ങൾ തിരിച്ചറിഞ്ഞ് തരംതിരിച്ചെഴുതുകയും ചെയ്യുക. രോഗപ്രതിരോധ മാർഗങ്ങളെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക. ഹെൽത്തുകാരുടെ സഹായത്തോടെ സെമിനാറുകൾ സംഘടിപ്പിക്കുക. (പകരുന്ന രോഗങ്ങൾ, പകരാത്ത രോഗങ്ങൾ, ജീവിതശൈലി രോഗങ്ങൾ, പകരുന്ന രോഗങ്ങൾ മൂലമുണ്ടാകുന്ന ശാരീരിക വൈകല്യങ്ങൾ- വ്യായാമത്തിന്റെ പ്രാധാന്യം- നല്ല ഭക്ഷണശീലങ്ങൾ പ്രതിരോധ മാർഗങ്ങൾ)

മഴക്കാല രോഗങ്ങൾ, പോഷകാഹാരങ്ങൾ, പകർച്ച വ്യാധികൾ, പ്രതിരോധ മാർഗങ്ങൾ ഇവയെക്കുറിച്ച് CPTA യിൽ ICT വഴി അവതരിപ്പിക്കുക. ഹെൽത്തിന്റെ സഹായത്തോടു കൂടിയുള്ള ബോധവൽക്കരണ ക്ലാസ്, ആൽബം നിർമാണം, ശേഖരണം, പരീക്ഷണ നിരീക്ഷണങ്ങൾ ഇതിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക. ശാസ്ത്രോത്സവം, ശാസ്ത്ര പ്രദർശനങ്ങൾ, ശാസ്ത്ര നാടകങ്ങൾ രക്ഷിതാക്കളുടേയും കുട്ടികളുടേയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക. ലാബ് ശാക്തീകരണം- പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ലാബ് ശാക്തീകരണം.

<u>പഠന നേട്ടങ്ങൾ</u>

സ്വയം പരീക്ഷണവും നിരീക്ഷണവും നടത്തി നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള കഴിവു നേടുന്നു. ശാസ്ത്രത്തോട് താത്പര്യമുണ്ടാകുന്നു. ചുറ്റുപാടുകളെ നിരീക്ഷിക്കുവാനുള്ള ശേഷി നേടുന്നു. അതിലൂടെ അറിവു നേടുന്നു. കൃഷിരീതികൾ, കാർഷിക ഉപകരണങ്ങൾ ഇവ മനസ്സിലാക്കുന്നു. കൃഷിയിൽ താത്പര്യമുണ്ടാകുന്നു. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് മനസിലാക്കുകയും പങ്കാളികളാവുകയും ശുചിത്വബോധം ഉണ്ടാവുകയും ചെയ്യുന്നു. നല്ല ആരോഗ്യശീലങ്ങളിൽ അറിവു നേടുന്നു. പ്രതിരോധ

മാർഗങ്ങളെക്കുറിച്ച് മനസിലാക്കുന്നു. വിവിധ വസ്തുക്കളെ ശേഖരിച്ച് തരംതിരിച്ച് ആൽബം നിർമിക്കുവാനും ശാസ്ത്രപതിപ്പുകൾ ഉണ്ടാക്കുവാനും സ്വയം പരീക്ഷണങ്ങൾ ചെയ്യുവാനും അതിലൂടെ നിഗമനങ്ങളിൽ എത്തിച്ചേരുവാനും കഴിയുന്നു. ശാസ്ത്ര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹായവും പങ്കാളിത്തവും ഉറപ്പാക്കുന്നു. പകർച്ച വ്യാധികളെക്കുറിച്ചും പ്രതിരോധ കുത്തിവെപ്പുകളെക്കുറിച്ചും അറിവു നേടുവാനും മുൻ കരുതലുകൾ സ്വീകരിക്കുവാനും കഴിയുന്നു. പോഷകാഹാരങ്ങളെ തിരിച്ചറിയുന്നു. നല്ല ആരോഗ്യശീലങ്ങൾ വളർത്താൻ കഴിയുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. ശാസ്ത്രോത്സവം, ശാസ്ത്ര പ്രദർശനം ഇവയിലൂടെ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നു.

## മേഖല സാമൂഹ്യശാസ്ത്രം $V^{th}$ Std

രാജ്യം, സംസ്ഥാനം, ജില്ലാ പഞ്ചായത്ത് രാജ്, വിവിധ ഭരണ രീതികൾ, സംസ്കാരങ്ങൾ, സമര ചരിത്രങ്ങൾ, വേഷങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പോരായ്മകൾ പരിഹരിക്കുക. നാടിനെകുറിച്ച് അറിയുക

### ഉപമേഖല സാമൂഹ്യശാസ്ത്രം -V

**ലക്ഷ്യം**

രാജ്യം, സംസ്ഥാനം, ജില്ലാ പഞ്ചായത്ത്, വിവിധ ഭരണ രീതികൾ സംസ്കാരങ്ങൾ, സമര ചരിത്രങ്ങൾ, വേഷവിധാനങ്ങൾ, ഭാഷ, തൊഴിൽ, കലകൾ, ഇവ പരിചയപ്പെടൽ, പുരാതന നവീനകാലത്തെ തിരിച്ചറിയുക. സ്വന്തം നാടിനെക്കുറിച്ച് അറിയുക

### പഠന പ്രവർത്തനങ്ങൾ ക്ലാസ് V

നമ്മുടെ രാജ്യം സംസ്ഥാനം, ജില്ലാ പഞ്ചായത്ത് ഇവയുടെ മോഡലുകൾ കുട്ടികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുക മാപ്പുകൾ ഉപയോഗിച്ച് പരിചയപ്പെടുത്തുക. ജില്ല, സംസ്ഥാനം ഇവ കട്ടൗട്ടുകൾ ഉപയോഗിച്ച് ക്രമീകരിക്കുക. ICT ഉപയോഗപ്പെടുത്തൽ - ഭരണരീതി - സംസ്കാരങ്ങൾ സമര ചരിത്രങ്ങൾ ചർച്ച ചെയ്ത് കുറിപ്പുകൾ തയ്യാറാക്കൽ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ഇവ അവതരിപ്പിക്കുക- സ്വാതന്ത്ര്യസമര സേനാനികളുമായി അഭിമുഖം നടത്തുക. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിക്കുക. കുറിപ്പുകൾ തയ്യാറാക്കുക ഇവ ഉൾക്കൊള്ളിച്ച് പതിപ്പുകൾ തയാറാക്കുക- ഭൂപ്രകൃതി, കൃഷി, വ്യവസായങ്ങൾ, വിമാനത്താവളങ്ങൾ, ഇവ തിരിച്ചറിയുവാൻ സഹായകമായ, മോഡലുകൾ, ചിത്രങ്ങൾ ഇവ നിർമിക്കുക വിവിധ നാടുകളിലെ ഭാഷ, വേഷം, തൊഴിലുകൾ ഇവ താരതമ്യം ചെയ്യുക, തരംതിരിക്കുക - സെമിനാറുകൾ സംഘടിപ്പിക്കുക- പതിപ്പുകൾ തയാറാക്കുക- ആൽബംനിർമാണം- നാനാത്വത്തിൽ ഏകത്വം എന്ന വിഷയവുമായി ബന്ധപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കുക- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ച് വിവിധ ചരിത്രസ്മാരകങ്ങൾ, കൃഷിയിടങ്ങൾ, വ്യവസായ ശാലകൾ, ഭൂപ്രകൃതി (കടൽ, കായൽ, കുന്ന്, മല, കാട്) ഇവ കാണുവാനുള്ള അവസരം, ഒരുക്കിക്കൊടുക്കുക- കുറിപ്പുകൾ തയാറാക്കുക- ചിത്രങ്ങൾ ശേഖരിക്കുക. ICT സാധ്യതകൾ ഉപയോഗിച്ച് കൂടുതൽ കാര്യങ്ങൾ ബോധ്യപ്പെടുത്തുക. മതേതരത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന ചർച്ച നടത്തുക. ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്ററുകൾ, മുദ്രാഗീതങ്ങൾ, പ്രസംഗങ്ങൾ, പഴയകാല ചരിത്രങ്ങൾ അറിയുന്ന മുതിർന്ന വ്യക്തികളെ ആദരിക്കൽ, അവരുമായിട്ടുള്ള അഭിമുഖം നടത്തൽ, ദേശഭക്തിഗാനങ്ങളുടെ ശേഖരണം, ആലാപനം, ആഘോഷ ദിനങ്ങളിൽ രക്ഷിതാക്കളെയും പൊതുജനങ്ങളെയും പങ്കാളികളാക്കൽ- രക്ഷിതാക്കളുടെ അനുഭവങ്ങൾ പങ്കുവെക്കൽ. സമരചരിത്രങ്ങൾ, സംസ്കാരങ്ങൾ, മഹാന്മാരുടെ ജീവചരിത്രങ്ങൾ ഇവ അറിയുന്നതിന് ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തുക. പുരാതന നവീന കാലത്തെ ജീവിത രീതികൾ, വേഷ വിധാനങ്ങൾ, ഭാഷ, ഭരണ രീതികൾ, യാത്ര മാർഗങ്ങൾ, കൃഷി, ഉപകരണങ്ങൾ, താമസ രീതികൾ, വിദ്യാഭ്യാസ രീതികൾ തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്യുന്നു, താരതമ്യം ചെയ്യുന്നു, സാമ്യ വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുന്നു, കുറിപ്പുകൾ തയാറാക്കൽ, സെമിനാറുകൾ സംഘടിപ്പിക്കൽ. കൂടുതൽ അറിവിനായി ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ. മുതിർന്നവരുമായി അഭിമുഖം നടത്തുക. പുരാതന നവീന കാലത്തെ വിവിധ വസ്തുക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം, പതിപ്പുകൾ ഇവ തയാറാക്കുക. സാമൂഹ്യശാസ്ത്രോത്സവം സംഘടിപ്പിക്കുക- സാമൂഹ്യശാസ്ത്ര സംബന്ധമായ പ്രദർശനങ്ങൾ ഒരുക്കുക.

പഠന നേട്ടങ്ങൾ

രാജ്യം, സംസ്ഥാനം,ജില്ല, പഞ്ചായത്ത് രാജ് സംവിധാനങ്ങളെക്കുറിച്ച് അറിയാൻ സഹായിക്കുന്നു. അവ തമ്മിലുള്ള ബന്ധം താരതമ്യം ചെയ്യുന്നു. നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. നവീന, പുരാതന കാലത്തെക്കുറിച്ച് താരതമ്യം ചെയ്യുകയും മനസിലാക്കുകയും ചെയ്യുന്നു. പ്രദർശനങ്ങൾ പരിശീലിക്കുന്നു. ശേഖരണം, സെമിനാറുകൾ, പ്രോജക്ടുകൾ, നിർമാണ പ്രവർത്തനങ്ങൾ, ആൽബം ശേഖരണം ഇവയിലൂടെ കൂടുതൽ വസ്തുതകൾ ഉറപ്പാക്കുന്നു. നിർമാണ പ്രവർത്തനങ്ങളിൽ താത്പര്യം ഉണ്ടാകുന്നു.

**മേഖല**

**കലാകായിക പ്രവൃത്തി പരിചയം**

സർഗാത്മകമായ പരിമിതികൾ പ്രോത്സാഹിപ്പിക്കുക. മാനസിക, ശാരീരിക, ആരോഗ്യം നേടുക. പഠനത്തിൽ താത്പര്യം വളർത്തിയെടുക്കുക.

**ഉപമേഖല**

**കലാകായിക പ്രവൃത്തി പരിചയം**

**ലക്ഷ്യം**

സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക. കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ കണ്ടെത്തുക. മാനസിക കായിക ശേഷി വളർത്തുക. കൂടുതൽ ഊർജ്ജസ്വലതയോടെ പഠനത്തിൽ താത്പര്യം ഉളവാക്കുക.

## പഠന പ്രവർത്തനങ്ങൾ I to V th

ചിത്രോത്സവം - ചിത്രങ്ങൾക്ക് നിറം കൊടുക്കൽ ......ഉപയോഗിച്ച് ചിത്രം വരച്ച് നിറം കൊടുക്കൽ. ചിത്രം നോക്കി വരയ്ക്കൽ- ആശയങ്ങൾ നൽകി ചിത്രങ്ങൾ വരയ്ക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരയ്ക്കൽ നിറം കൊടുക്കൽ - കഥാ പാത്രങ്ങളുടെ ചിത്രം വരയ്ക്കൽ.

സർഗോത്സവം

നാടൻ പാട്ടുകൾ ചൊല്ലി രസിക്കൽ - കവിതകൾ ചൊല്ലാം രസിക്കാം- കഥ പറയൽ- കഥാഭാഗങ്ങൾ അഭിനയിച്ചു കാണിക്കൽ, മൈമിങ്, സ്വന്തമായി എഴുതിയ കഥ, കവിത ഇവയുടെ അവതരണം. നാടകാഭിനയം, നല്ല സർഗാത്മക കൃതികളുടെയും ചിത്രങ്ങളുടെയും പ്രദർശനം രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ മെച്ചപ്പെട്ടവയ്ക്ക് സമ്മാനം നൽകൽ.

**കലാകായിക പ്രവൃത്തി പരിചയം**

മാസ്ഡ്രിൽ, എയ്റോബിറ്റ്സ് കളികൾ, ഗണിതപ്പാട്ടുകൾ, ഇംഗ്ലീഷ് പാട്ടുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കളികൾ, ഉച്ചാരണ ശുദ്ധിക്കു വേണ്ടിയുള്ള ലഘു പാട്ടുകൾ, നാടൻ കളികൾ- ചെസ്സ്, കാരംബോഡ്, ഷട്ടിൽ ബാറ്റ്, റിങ്, സ്കിപ്പിംങ് റോപ്പ്. ഏണിയും പാമ്പും ഇവ ഉപയോഗിച്ചുള്ള കളികൾ. പേപ്പർ പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ. ഒറിഗാമി, വെജിറ്റബിൾ പ്രിന്റ്, മോഡൽ നിർമാണം, സോപ്പ്, ചോക്ക്, ചന്ദനത്തിരി നിർമ്മാണം, പേപ്പർ ബാഗ്, പാള കൊണ്ടുള്ള സാധനങ്ങളുടെ നിർമാണം. ഓല, പ്ലാവില, മച്ചിങ്ങ ഇവ ഉപയോഗിച്ചുള്ള കളിപ്പാട്ട നിർമ്മാണം.

**പഠന നേട്ടങ്ങൾ**

കുട്ടികളിലെ വ്യത്യസ്ത കഴിവുകൾ കണ്ടെത്തുന്നു. കായികവും മാനസികവുമായ ആരോഗ്യം നേടുന്നു. അടുക്കും ചിട്ടയോടും കൂടി പ്രവർത്തനങ്ങൾ ചെയ്യുവാനുള്ള കഴിവു നേടുന്നു. ശ്രദ്ധയും താത്പര്യവും വളർത്തുന്നു. തൊഴിലധിഷ്ഠിത വിദ്യയിൽ അറിവു നേടുന്നു. സൂക്ഷ്മമായി പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള കഴിവു നേടുന്നു. അച്ചടക്കം വളർത്തുന്നു.

**മേഖല**

അക്കാദമിക മേഖല ഉയർത്തുന്നതിനുള്ള അധിക പ്രവർത്തനങ്ങൾ.

**ലക്ഷ്യം**

മികച്ച പ്രവർത്തനങ്ങളിലൂടെ കുട്ടികളെ നല്ല നിലവാരത്തിലെത്തിക്കുക.

അടുക്കും ചിട്ടയും വളർത്തുക. എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കാളികളാക്കുക.

**പഠന പ്രവർത്തനങ്ങൾ**

അസംബ്ലി - മാസ്ഗ്രിൽ- ആഴ്ചയിൽ ഓരോ ദിവസം ഇംഗ്ലീഷ്, ഹിന്ദി, അറബി, മലയാളം ഭാഷകളിൽ അസംബ്ലി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി ഭാഷകളിൽ പ്രതിജ്ഞ, സൂക്തങ്ങൾ, നന്മ, ഔഷധസസ്യങ്ങളെ പരിചയപ്പെടുത്തൽ, ഹെൽത്ത് ടിപ്സ്. പ്രസംഗ പരിശീലനം (വിഷയം കൊടുത്ത് 1 മിനുട്ട് പ്രസംഗിക്കൽ) ഇംഗ്ലീഷ് , മലയാളം പത്രം വായന- ക്വിസ് (ഗണിതം, ശാസ്ത്രം, ജനറൽ) മികച്ച സർഗാത്മക സൃഷ്ടികളുടെ അവതരണം, പിറന്നാൾ ആശംസകൾ നേരൽ.

**കാലയളവ്**

പൊതുവായ എല്ലാ പ്രവർത്തനങ്ങളും ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ തീരും. ഒന്നാം ക്ലാസിൽ തുടങ്ങി അഞ്ചാം ക്ലാസിൽ എത്തുന്ന കുട്ടികൾ മികച്ച നിലവാരത്തിലെത്താൻ 5 വർഷത്തെ കാലയളവ് ആവശ്യമാണ്. ദീർഘമായ ലക്ഷ്യങ്ങൾ നേടേണ്ട പ്രവർത്തനങ്ങൾ 5 വർഷത്തിനുള്ളിൽ നേടണം.

**ചുമതല**

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (S.R.G) അധ്യാപകർ, H.M, PTA, SMC, CPTA, OSS, BRC കോർഡിനേറ്റർ ICT അധ്യാപകർ, ഹെൽത്ത് ഓഫീസർമാർ, കൃഷി ഓഫീസർമാർ.

**സാധന സാമഗ്രികൾ**

പഠന പ്രവർത്തനങ്ങൾക്കാവശ്യമായ T.B, H.B, ലൈബ്രറി പുസ്തകങ്ങൾ, മാപ്പുകൾ, ഗ്ലോബ്, അറ്റ്ലസ്, ആൽബം, ശേഖരണങ്ങൾ, ഉപകരണങ്ങൾ (ശാസ്ത്രം, സാമൂഹ്യം, ഗണിതം) കമ്പ്യൂട്ടർ, ICT, CD പഠന കിറ്റുകൾ, കളിയുപകരണങ്ങൾ, കായിക ഉപകരണങ്ങൾ, ചാർട്ട്, സ്കെച്ച് മാർക്കർ, Card Board- Sunpack Sheets- Chalk etc.

**ധനകാര്യം**

ടീച്ചർ ഗ്രാന്റ് - PTA, SMC FUND, MLA, MP - FUND തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സഹായം പൊതുജനങ്ങളുടെ സംഭാവന.

**മോണിറ്ററിങ്**

H.M- PTA- SMC- MPTA- AEO വിദ്യാഭ്യാസ വകുപ്പ് SSA SSG തദ്ദേശ സ്വയം ഭരണ സ്ഥാപനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിഭവങ്ങൾ |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാശേഷി വികസനം | 1. ഭാഷാ കേളി കുട്ടികളിൽ വായനശീലവും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>2. കഥ പറയട്ടെ - അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് ഒക്ടോബർ<br>ജൂലൈ സെപ്റ്റംബർ ഡിസംബർ ജനുവരി മാസങ്ങളിലെ ദിനങ്ങൾ | ക്ലാസ് ടീച്ചർ SRG SMC<br>വിദ്യാലയ സമിതി ക്ലാസ് ടീച്ചർ SRG മദർ പിടിഎ | SMC<br>മദർ പിടിഎ |

മേഖല - അക്കാദമികം ഉപമേഖല - ഭാഷ ക്ലാസ്സ് II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
| --- | --- | --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | 1) എഴുത്തും കുത്തും: ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ശില്പശാല<br>2) ലഘുപതിപ്പുകൾ തയാറാക്കൽ | ഒക്ടോബർ നവംബർ | SRG SMC കുട്ടികൾ | PTA |
| സർഗാത്മകതയെ തിരിച്ചറിയൽ | 1) രചനാശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി. | മദർ പിടിഎ സ്റ്റാഫ് SMC അധ്യാപകർ കുട്ടികൾ പ്രമുഖ വ്യക്തികൾ | SRG SMC |

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാപ്രദർശനം | മാസം ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | PTA |

മേഖല: അക്കാദമികം
ഉപമേഖല: ഇംഗ്ലീഷ്
ക്ലാസ്: II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കുന്നു. | Let's talk<br>പ്രതിബിംബവുമായി സംവദിക്കൽ<br>English ക്ലബ്<br>English അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്.<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | PTA |

മേഖല
ഉപമേഖല
ക്ലാസ് III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വായന - അനുഭവം മിനുക്കും. പുതുക്കാനും | ക്ലാസ് ലൈബ്രറി വികസനം<br>വർത്തമാന വായനാ മത്സരം സംഘടിപ്പിക്കൽ<br>വായനാക്കുറിപ്പുകൾ<br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച്<br>മാസത്തിൽ ഒന്ന്<br>3 മാസത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | SRG<br>ക്ലാസ്ടീച്ചർ | PTA |

മേഖല - അക്കാദമിക ഉപമേഖല - ഇംഗ്ലീഷ് ക്ലാസ് IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലിയോടൊപ്പം (കുട്ടികൾ നടത്തും) | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ദിനാചരണം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം. (വർഷം മുഴുവൻ) | ക്ലാസ്ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് [illegible]) | | | | |
| സർഗ്ഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ. Skit Drama Conversation Story telling. | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗ്ഗാത്മക രചനാശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | മൂന്നുമാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുന്ദരമായ [illegible] | മാസത്തിലൊരിക്കൽ | ക്ലാസ്ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാപരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ വായനാവേള ഒരുക്കൽ വായനാകുറിപ്പ് പുസ്തകപരിചയം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാമത്സരം രചനാമത്സരം മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | [illegible] | ഇംഗ്ലീഷ് ക്ലബ്ബ് | PTA |

മേഖല — സാംസ്കാരികം
ഉപമേഖല – ഭാഷ
ക്ലാസ് — III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | 1) കവികളുടെ കുറിപ്പുകളുടെ പോസ്റ്റർ പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2) പുസ്തകശേഖരണവും പ്രദർശനവും<br>3) ചിത്ര ഗാലറി | ജൂൺ ഡിസംബർ | അധ്യാപകർ SMC | PTA |
| | | ജനുവരി | മദർ പി ടി എ കുട്ടികൾ | |
| വായനാപരിപോഷണം | 1) പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തകശേഖരണം | നവംബർ | | |
| | 2) വായനാക്കളരി<br>3) നാടകവായന | ആഴ്ചയിലൊന്ന് | വായനശാല SMC SRG | ക്ലബ് |
| | | ആഗസ്റ്റ് | കുട്ടികൾ സാഹിത്യക്ലബ് | |

## മലയാളം ഭാഷ (Std IV)



| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയം | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ അനുയോജ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ്ടീച്ചർ | PTA |
| വായനാ വളർച്ച | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം<br>ക്ലാസ് ലൈബ്രറിയൊരുക്കം<br>പുസ്തകപരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുത്തനുഭവം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും ഉരുത്തിരിയേണ്ടവ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ്ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖനശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teach | PTA |

[illegible]

| | | | |
|---|---|---|---|
| അറിവ് ഡോക്യുമെന്റ് ചെയ്യൽ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിച്ച് അവ പ്രദർശിപ്പിക്കൽ | ആവശ്യമുള്ള സമയം | Class Teacher, PTA |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം കുറിപ്പെഴുതൽ | വർഷത്തിലൊരിക്കൽ | SRG, Class Teacher, PTA |
| സാഹിത്യകാരന്മാരുടെ ജന്മദിനാചരണങ്ങൾ സംഘടിപ്പിക്കൽ ആദരിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം - ക്വിസ് ചോദ്യോത്തരം [illegible] പ്രദർശനം | ആവശ്യമുള്ള സമയം | SRG, Class Teacher, CPTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം സ്കൂളിലേക്ക് ലഭ്യമാക്കൽ. കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG, CPTA, Class Tr |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG, CPTA |



പരിസരപഠനം

അക്കാദമികം
പരിസരപഠനം
- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| ആഹാരത്തിലടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിയൽ | ജൂൺ ജൂലൈ ആഗസ്റ്റ് | കുട്ടികൾ SRG SMC PTA | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതിപഠനയാത്ര - ഉദ്യാനം പരിപാലിക്കൽ | ഡിസംബർ ജനുവരി | SRG SMC. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള ആരോഗ്യമുള്ള സമൂഹ സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചന, മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതിസംരക്ഷണ ബോധവൽക്കരണ വിദഗ്ദ്ധ ക്ലാസ് പ്രദർശനങ്ങൾ | സെപ്റ്റംബർ ഡിസംബർ | SRG SMC PTA | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം വീട്ടിലേക്ക് നടത്തം | ജനുവരി | SRG SMC നാട്ടുകാർ | |

ആരോഗ്യ ...
ചെറിയ ... 12
III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രബോധം | കണ്ടെത്തൽ അറിവ് ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് നടീൽ - ഔഷധസസ്യ നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കാൻ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം പരീക്ഷണം [illegible] ശാസ്ത്രമാസികകൾ | | | |

| | | | | |
|---|---|---|---|---|
| ഫീൽഡ്ട്രിപ്പ് – അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG കുട്ടികൾ | PTA |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ അന്വേഷണാത്മക ചിന്തകൾ | വാനനിരീക്ഷണ ക്ലാസ്, ശാസ്ത്രജ്ഞർ ശാസ്ത്രമേഖലയിലെ പ്രമുഖരുമായി ഫേസ്ബുക്ക് ലൈവ് അഭിമുഖം സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM SRG CPTA കുട്ടികൾ | PTA |
| കേരളം – ഇന്ത്യ – ഭൂപടവായന ശേഷി പരിചയപ്പെടൽ | ഭൂപട വായന ഭൂപടശേഖര സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | SRG കുട്ടികൾ | PTA |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG കുട്ടികൾ | PTA |
| ശാസ്ത്രപഠനത്തിലൂടെ നേടിയ | പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരിശീലനം | വർഷത്തിലൊരിക്കൽ | HM SRG കുട്ടികൾ | PTA |



ഗണിതം

| | | | | |
|---|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1 ഗണിതലാബ്<br>2 ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഐ.ടി. ക്ലബ്<br>3 ഗണിത ക്ലബ് ഗണിതപ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ 2 മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒരിക്കൽ | പിടിഎ<br>കുട്ടികൾ<br>SRG | പിടിഎ<br>കുട്ടികൾ<br>SSA |
| ഗണിതചിന്ത ശേഷി വളർത്താൻ | ഒരു ദിനം ഒരു ചോദ്യം, ക്വിസ് മത്സരങ്ങളും ഗണിതപസിലുകളും പരിചയപ്പെടൽ<br>ഗണിതക്ലബ് ഗണിതം കളികളിലൂടെ | ആഴ്ചയിൽ ഒരിക്കൽ<br>മാസത്തിൽ ഒരിക്കൽ | SRG<br>കുട്ടികൾ | SSA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ഒറിഗാമി ശില്പശാല രക്ഷകർത്താക്കൾ ഗണിതപഠനവും നിർമ്മാണപ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | പ്രദർശിപ്പിക്കൽ മെട്രിക് മേള, ഗണിതോത്സവം | ജനുവരി | SRG കൺവീനർ | SSA staff SMC |

Std IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ<br>ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണ്ണയം ഏണിയും പാമ്പും ചെസ് കളി സന്തുലനം ... | വർഷം മുഴുവൻ | SRG കൺവീനർ | |

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ ഉചിതമായ സമയത്ത് | കൺവീനർ | PTA |
| ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG കൺവീനർ | PTA |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | കൺവീനർ | PTA |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | SRG കൺവീനർ | PTA |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനനേട്ടങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG കൺവീനർ | PTA |